പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2179 263.2013 ലെ മറുപടിക്ക്

## കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾമൂലം പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾക്ക് വില വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാന നികുതികൾ വേണ്ടെന്നുവയ്ക്കുകയും സബ്സിഡി നല്കി പ്രസ്തുത വില വർദ്ധനവ് ന്യൂട്രലൈസ് ചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടോ ; | (എ) | സബ്സിഡി നൽകാൻ കേരള പൊതുവില്പന നികുതി നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ/ഡീസൽ എന്നിവയുടെ വിലവർദ്ധനവിന്മേലുള്ള അധിക നികുതി നിരവധി തവണ വേണ്ടെന്നു വയ്ക്കുകയും, ഇതിനുവേണ്ടി റവന്യൂ ന്യൂട്രൽ റേറ്റിലുള്ള നികുതി നിരക്ക് കണ്ടെത്തി മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി, വിലവർദ്ധനവ് വരുമ്പോഴും കിട്ടത്തക്കവിധം നികുതി നിരക്ക് കുറച്ച് പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ ഇനത്തിൽ നാളിതുവരെ സംസ്ഥാന സർക്കാരിന് എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് അറിയിക്കുമോ ; | (ബി) | പെട്രോൾ/ഡീസൽ വില വർദ്ധിപ്പിച്ചപ്പോൾ നികുതി നിരക്ക് കുറച്ചുകൊണ്ട് വില വർദ്ധനവിനെ തുടർന്നുള്ള അധിക നികുതി ഉപഭോക്താവിലേക്ക് കൈമാറ്റം ചെയ്യാതെ പിടിച്ചു നിർത്തിയതിന്റെ ഫലമായി സംസ്ഥാന സർക്കാരിന് പ്രതിമാസം നഷ്ടമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. |

| Date of Price Hike | Increase in Price | Revision in Tax Rate (%) | Revenue forgone by state (monthly) (in crores) |
|---|---|---|---|
| | petrol | | |
| 14.5.2011 | Rs.5.00 | 29.01 to 26.44 | 11 |
| 16.9.2011 | Rs.3.14 | 26.44 to 25.42 | 9.08 |
| 04.11.2011 | Rs. 1.82 | 25.42 to 24.75 | 5.10 |
| 24.5.2012 | Rs. 6.28 | 25.82 to 23.07 | 22.48 |
| | Diesel | | |
| 25.6.2011 | Rs. 3.00 | 24.69 to 22.60 | 13.07 |
| 14.9.2012 | Rs.5.00 | 22.60 to 19.80 | 19.95 |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ എത്രകാലം സംസ്ഥാന ഖജനാവിൽ നിന്നും പണം ചെലവാക്കി പിടിച്ചുനിൽക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | സബ്സിഡി നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ ആണ് നിലവിലുള്ള നയം സ്വീകരിച്ചു വരുന്നത്. ജനങ്ങളിൽ അമിതഭാരം ഉണ്ടാവാതിരിക്കുവാനാണ് സർക്കാർ ഇപ്രകാരം നടപടി സ്വീകരിക്കുന്നത് |
| (ഡി) | സംസ്ഥാന സർക്കാരിന്മേൽ അപ്രതീക്ഷിതമായ അമിതഭാരം അടിച്ചേൽപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റ് നയത്തെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ? | (ഡി) | കേന്ദ്ര ഗവൺമെന്റിന്റെ നയം പുനഃപരിശോധിക്കണമെന്നും എണ്ണവില നിയന്ത്രണാധികാരം കേന്ദ്ര ഗവൺമെന്റിൽ തന്നെ നിലനിർത്തണമെന്നും, കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രമേയം പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പാസ്സാക്കി. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ശ്രീ. ഉമ്മൻചാണ്ടി

മുഖ്യമന്ത്രി

## ഗവൺമെന്റ് പ്രമേയം

"നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് വഴിതെളിക്കുന്ന രീതിയിൽ പെട്രോളിന്റെ വില തുടർച്ചയായി വർദ്ധിപ്പിക്കുന്നതിൽ സംസ്ഥാന നിയമസഭ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. എണ്ണ ഉല്പാദന രാഷ്ട്രങ്ങൾ എണ്ണവില വർദ്ധിപ്പിക്കുമ്പോഴും രൂപയുടെ മൂല്യം കുറയുമ്പോഴും എണ്ണ കമ്പനികൾക്ക് ഏകപക്ഷീയമായി വില വർദ്ധിപ്പിക്കാൻ സഹായകരമായ ഇപ്പോഴത്തെ നയം പുനഃപരിശോധിക്കണമെന്നും എണ്ണവില നിയന്ത്രണാധികാരം കേന്ദ്രഗവൺമെന്റിൽ തന്നെ നിലനിർത്തണമെന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

പി. ഡി. രാജൻ

സെക്രട്ടറി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
**2011 നവംബർ 4**

സെക്ഷൻ ഓഫീസർ